**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം വടകര നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.കെ.ദിലീപ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒഎ(ഇകെഎം) 1216/ 2018 കേസിലെ 18.06.2018 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2714/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 23.10.2018

---

പരാമർശം :
1. വടകര നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.കെ.ദിലീപ് സർക്കാരിൽ സമർപ്പിച്ച 30.04.2018 തീയതിയിലെ നിവേദനം(Annexure A11).
2. ശ്രീ.കെ.ദിലീപ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ (ഇകെഎം) 1216/ 2018 ൽ 18.06.2018 തീയതിയിലുണ്ടായ വിധിന്യായം.
3. നഗരകാര്യഡയറക്ടറുടെ 30.08.2018 തീയതിയിലെ ഇ 5-19312/ 17 നമ്പർ കത്ത്.

## ഉത്തരവ്

പഞ്ചായത്തുവകുപ്പിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.ദിലീപ് ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ച്വരവേ ടി പഞ്ചായത്തിനെ കോഴിക്കോട് കോർപറേഷനോട് കൂട്ടിച്ചേർത്തതിന്റെയടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്കുള്ള ഓപ്ഷൻ അംഗീകരിച്ച് ടിയാനെ മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് തസ്തികയിലേയ്ക്ക് അ ബ്സോർബ് ചെയ്തിരുന്നു. എന്നാൽ 2014 ൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക പുനർനാമകരണം ചെയ്ത് ഹെൽത്ത് ഇൻസ്പെക്ടർ എന്നാക്കിയതിനാൽ ടിയാനെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ അ ബ്സോർബ് ചെയ്ത് ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം ശ്രീ.കെ.ദിലീപ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീ.കെ.ദിലീപ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(ഇകെഎം) 1216/ 2018 കേസിന്മേൽ 18.06.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാളുടെ അനക്ഷർ A11

നിവേദനം സർക്കാർ പരിശോധിച്ച് ടിയാളെ നേരിൽക്കേട്ട് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 24.07.2018 ന് ശ്രീ.കെ.ദിലീപിനെ നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾപ്രകാരം 4.10.2004 ൽ പഞ്ചായത്തുവകുപ്പിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിലാണ് സേവനത്തിൽ പ്രവേശിച്ചതെന്നും ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ച് വരവേ പഞ്ചായത്തിനെ 01.11.2010 ൽ കോഴിക്കോട് കോർപറേഷനോട് കൂട്ടിച്ചേർക്കുകയും മുനിസിപ്പൽ കോമൺ സർവീസിൽ 2015 ൽ ടിയാനെ അ ബ്സോർബ് ചെയ്ത ശേഷം 2018 ൽ നഗരകാര്യ ഡയറക്ടർ ടി തസ്തികയുടെ പേര് പുനർനാമകരണം ചെയ്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നാക്കിയതായും 2014 ൽ പഞ്ചായത്തിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക പുനർനാമകരണം ചെയ്ത് ഹെൽത്ത് ഇൻസ്പെക്ടർ എന്നാക്കിയതിനാൽ മുനിസിപ്പാലിറ്റിയിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ അ ബ്സോർബ് ചെയ്ത് ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന ആവശ്യം നടപ്പിലാക്കുന്നതിനായാണ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചതെന്നും ബോധിപ്പിക്കുകയുണ്ടായി.

3 .ഇക്കാര്യത്തിലുള്ള നഗരകാര്യ ഡയറക്ടറുടെ പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം ബേപ്പൂർ പഞ്ചായത്തിനെ 01.11.2010 തീയതി മുതൽ കോഴിക്കോട് മുനിസിപ്പൽ കോർപറേഷനോട് കൂട്ടിച്ചേർക്കുകയും അപ്രകാരം 25200-54000 ശമ്പള സ്കെയിലിൽ സാനിട്ടറി ഇൻസ്പെക്ടറായി തുടരുന്ന ശ്രീ. കെ. ദിലീപിന്റെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്കുള്ള ഓപ്ഷൻ പ്രകാരം സർക്കാർ അംഗീകരിക്കുകയും ചെയ്തിരുന്നു.

4. ശ്രീ. ദിലീപ് 24.10.2004 ലാണ് പഞ്ചായത്തുവകുപ്പിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. ഇപ്പോൾ പഞ്ചായത്ത് സാനിട്ടറി ഇൻസ്പെക്ടർ ഹയർ ഗ്രേഡ് തസ്തികയിലാണ് ജോലിനോക്കിവരുന്നത്. ടി തസ്തികയുടെ അടിസ്ഥാന ശമ്പളം (25200-54000/-) രൂപയാണ് കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് തസ്തികയുടെ അടിസ്ഥാന ശമ്പളം (26500-56700/-) ആണ്. ആയതിനാൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയേക്കാൾ ഉയർന്ന ശമ്പള സ്കെയിലിലുള്ള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് തസ്തികയിലേയ്ക്ക് അ ബ്സോർബ് ചെയ്യാൻ കഴിയുന്നതല്ല. ആയതിനാലാണ് ടിയാനെ മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് തസ്തികയിലേയ്ക്കാണ് അ ബ്സോർബ് ചെയ്തത്.

5. 2014 ലെ സർക്കാർ ഉത്തരവുപ്രകാരം പഞ്ചായത്ത് സർവ്വീസിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയുടെ പേര് ഹെൽത്ത് ഇൻസ്പെക്ടറെന്ന് പുനർനാമകരണം

ചെയ്തിട്ടുണ്ടെങ്കിലും ശമ്പള സ്കെയിലിൽ മാറ്റം വരുത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് സർവ്വീസിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയും മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും സമാന തസ്തികകളാണ്. മുൻകാലങ്ങളിൽ ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് അ ബ്സോർബ് ചെയ്യപ്പെട്ട പഞ്ചായത്ത് സാനിട്ടറി ഇൻസ്പെക്ടർമാർ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കാണ് അ ബ്സോർബ് ചെയ്യപ്പെട്ടിട്ടുള്ളത്.

6. ശ്രീ. ദിലീപ് 29.10.2004 ൽപഞ്ചായത്തുവകുപ്പിൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ മുഴുവൻ പഞ്ചായത്ത് സർവ്വീസും മുനിസിപ്പൽ കോമൺ സർവ്വീസിലെ സമാന തസ്തികയായ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സീനിയോറിറ്റിക്ക് കണക്കിലെടുത്ത് ബന്ധപ്പെട്ട പഞ്ചായത്ത്കോഴിക്കോട് നഗരസഭയോട് കൂട്ടിച്ചേർത്ത തീയതി മുതൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ലയിപ്പിച്ചുകൊണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ റാങ്കും സീനിയോറിറ്റിയും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റേയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 11 വിശദമായി പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ശ്രീ.കെ ദിലീപ് പഞ്ചായത്തുവകുപ്പിൽ സാനിട്ടറി ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും പഞ്ചായത്തിൽ ടി സാനിട്ടറി ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് സ്ഥാനക്കയറ്റമായി സാനിട്ടറി ഇൻസ്പെക്ടർ ഗ്രേഡ് I എന്ന തസ്തികമാത്രമേയുള്ളൂ എന്നും കാണുന്നു. എന്നാൽ മുനിസിപ്പൽ കോമൺസർവീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II എന്ന എൻട്രി കേഡറും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നിങ്ങിനെ തസ്തികക്കയറ്റവും നിലവിലുണ്ട്. പഞ്ചായത്ത് സർവ്വീസിലെ സാനിട്ടറി ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയും മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയും സമാന ശമ്പളസ്കെയിലിലുള്ള തസ്തികകളാണ്. മുൻകാലങ്ങളിൽ ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് അ ബ്സോർബ് ചെയ്യപ്പെട്ട പഞ്ചായത്ത് സാനിട്ടറി ഇൻസ്പെക്ടർമാരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്കാണ് അ ബ്സോർബ് ചെയ്തിട്ടുള്ളത്. അതിനാലാണ് ടിയാനെയും ആ വിധത്തിൽ അ ബ്സോർബ് ചെയ്തത്. തസ്തികയുടെ പേരു നോക്കിയല്ല ശമ്പള സ്കെയിൽ

നോക്കിയാണ് നാളിതുവരെ അ ബ്ലേസ്ൽപ്പ്ഷൻ നല്കിയിട്ടുള്ളത്. 2014 ൽ മാത്രമാണ് പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക പുനർനാമകരണം ചെയ്ത് ഹെൽത്ത് ഇൻസ്പെക്ടർ എന്നാക്കിയത്. 2010 മുതൽ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിൽ തുടർന്നു വരുകയും 01.01.2013 തീയതിയിൽ സാനിട്ടറി ഇൻസ്പെക്ടർ ഹയർ ഗ്രേഡ് തസ്തികയിൽ നിന്നും ഓപ്ഷൻ നല്കി മുനിസിപ്പൽ കോമൺ സർവീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പ്രവേശിച്ച ശേഷം ടിയാന് മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ അവസാന സ്ഥാനക്കയറ്റ തസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I - ൽ നിയമനം ലഭിയ്ക്കണമെന്നും, 2014 ൽ ടിയാന്റെ പഞ്ചായത്തിലെ സ്ഥാനപ്പേര്, സാനിട്ടറി ഇൻസ്പെക്ടർ എന്നത് പുനർനാമകരണം ചെയ്ത് ഹെൽത്ത് ഇൻസ്പെക്ടർ എന്നാക്കി സർക്കാർ ഉത്തരവാക്കിയതാണ് കാരണമെന്നും വാദിയ്ക്കുന്നത് അംഗീകരിക്കാവുന്നതല്ല. അതിനാൽ ശ്രീ.കെ ദിലീപിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് കണ്ട് തള്ളിക്കളഞ്ഞ്കൊണ്ട് ടിയാളുടെ അപേക്ഷ തീർപ്പാക്കുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 ലെ വിധിന്യായം മേൽപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.കെ ദിലീപ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വടകര നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ